"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനകാര്യം- തിരുവനന്തപുരം ജില്ല-കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് - ക്ലാർക്ക് ശ്രീമതി.ആതിര-എസ് ന്റ് ഹാജരില്ലായ്മ ക്രമീകരിച്ച് ഉത്തരവാകുന്നു .

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1647/2023/LSGD  തീയതി,തിരുവനന്തപുരം, 12-08-2023

---

പരാമർശം:-

1. കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 19.01.2020ലെ എ2-299/2020 നമ്പർ നടപടിക്രമം
2. കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 03.08.2020ലെ എ2-4948//19 നമ്പർ നടപടിക്രമം
3. ശ്രീമതി.ആതിര-എസ് 02.07.2020ലെ അവധി അപേക്ഷ
4. പഞ്ചായത്ത് ഡയറക്ടറുടെ 12.08.2021ലെ PAN/555/2021-E6(DP) നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീമതി.ആതിര-എസ് ന് ടിയാളുടെ പങ്കാളിയോടൊപ്പം ചേരുന്നതിനായി 17.01.2020 മുതൽ 07.04.2020 വരെ കെ.എസ്.ആർ ഭാഗം1. ചട്ടം 88 പ്രകാരം പരാമർശം 1 പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിരുന്നു. എന്നാൽ കോവിഡ് രോഗവ്യാപനത്തെ തുടർന്നുണ്ടായ ലോക് ഡൗണിനെ തുടർന്ന് അവധികാലയളവ് കഴിഞ്ഞിട്ടും ടിയാൾക്ക് സേവനത്തിൽ പുനഃപ്രവേശിക്കുവാൻ കഴിയാതിരിക്കുകയും 01.07.2020 ൽ സേവനത്തിൽ പുനഃപ്രവേശിക്കുകയും ചെയ്തിരുന്നതിനാൽ പരാമർശം 1 പ്രകാരം അനുവദിച്ച ശൂന്യവേതനാവധി പരാമർശം 2 പ്രകാരം റദ്ദ് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ 17.01.2020 മുതൽ 30.06.2020വരെയായി ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമർശം (3) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും പരാമർശം (4) പ്രകാരം ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.ആതിര.എസ് അവധി കഴിഞ്ഞ് തിരികെ പ്രവേശിച്ച ശേഷമാണ് (02.07.2020 ൽ) അവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. കെ.എസ്.ആർ., ഭാഗം ഒന്ന്, അനുബന്ധം XII C, ചട്ടം 10 പ്രകാരം അവധി അനുവദിക്കാതെ അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്ന ജീവനക്കാരെ അച്ചടക്കനടപടിയ്ക്ക് വിധേയമാക്കി സർവ്വീസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെങ്കിലും കോവിഡിന്റെ പ്രത്യേക സാഹചര്യം കാരണമാണ് അവധിയിൽ തുടരേണ്ടി വന്നത് എന്ന വസ്തുത പരിഗണിച്ച് 17.01.2020-ന് മുമ്പ് പ്രൊബേഷൻ പൂർത്തിയാക്കിയിട്ടില്ലാത്ത ശ്രീമതി ആതിര.എസ്-ന്റെ 17.01.2020 മുതൽ 30.06.2020 വരെയുള്ള കാലയളവിലെ ഹാജരില്ലായ്മ, മുൻകാലസർവ്വീസ് നഷ്ടമാകും എന്ന വ്യവസ്ഥയ്ക്ക് വിധേയമായി , നോൺ - ഡ്യൂട്ടിയായി ക്രമപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെമിഗോപിനാഥ്. ജി

ഡെപ്യൂട്ടിസെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.ഡെപ്യൂട്ടി ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3.സെക്രട്ടറി,കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.ശ്രീമതി.ആതിര എസ് , ക്ലർക്ക് , കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്)കേരള.തിരുവനന്തപുരം/തൃശ്ശൂർ
6.ധനകാര്യ വകുപ്പ് (16.07.2022ലെ e-2102781/ഡെവ-1/116/2022-ധന നമ്പർ യു ഒ റിമാർക്സ് പ്രകാരം)
7.ഡയറക്ടർ . ഐ കെ എം,തിരുവനന്തപുരം
8.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
9.കരുതൽ ഫയൽ (ഫയൽ നം.177/ഇപിഎ1/2021-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 14-08-2023 10:16:26
സെക്ഷൻ ഓഫീസർ